**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 296** | **04-08-2021 - ൽ മറുപടിയ്ക്ക്**

**നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന-ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിന് വിവരം തേടി പിങ്ക് പോലീസ് വീട്ടിൽ എത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | സ്ത്രീകൾ നേരിടുന്ന സൈബർ ലോകത്തിലെ അതിക്രമങ്ങൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ അവ പരിഹരിക്കുന്നതിനായി ആരംഭിച്ച കേരള പോലീസിന്റെ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. ഇതിനുപുറമേ പരാതികളിൽ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് ഫലപ്രദമായി ഇടപെടുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി വഴി നൽകും. അതോടൊപ്പം നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു 24 മണിക്കൂറും പ്രവർത്തിക്കുന്ന Aparajitha.pol@kerala.gov.in സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ഇതുമൂലമുണ്ടാകുന്ന ഭവിക്ഷ്യത്തുകളെക്കുറിച്ച് മൊബൈൽ ഫോൺ, ഇൻററനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്-ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽമീഡിയ നെറ്റ് വർക്കുകൾ എങ്ങനെ ദുരുപയോഗം ചെയ്യുന്നുവെന്നതിനെക്കുറിച്ച് ബോധവൽ ക്കരണം നടത്തിവരുന്നു. പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണത്തിന് ഇതിനകം വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംപ്രതിരോധം വർധിപ്പിക്കുന്നതിനു വേണ്ടി 'സെൽഫ് ഡിഫൻസ്' പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ഡൊമസ്റ്റിക് കോൺഫ്ളിക്റ്റ് റെസൊല്യൂഷൻ സെന്റർ (DCRC) പ്രവർത്തിച്ചുവരുന്നു. അടിയന്തര പോലീസ് സഹായം ലഭ്യമാക്കുന്നതിന് 1515, 112, 1090, 1091 എന്നീ ടോൾഫ്രീ നമ്പറുകൾ പ്രവർത്തിച്ചുവരുന്നു. സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ ജന്റർ ഓഡിറ്റിംഗ് നടത്തി സുരക്ഷിതമല്ലാത്ത ഇടങ്ങളെ കണ്ടെത്തുന്നതിനും അവിടം സ്ത്രീസൗഹൃദമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണി ക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതിക്കാർ നേരിട്ടെത്തണമെന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | സൈബർ ഇടങ്ങളിലും പൊതു, സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീസുരക്ഷ ഒരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ; | (ബി) | സ്ത്രീകൾ നേരിടുന്ന സൈബർ ലോകത്തിലെ അതിക്രമങ്ങൾ, സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ അവ പരിഹരിക്കുന്നതിനായി ആരംഭിച്ച കേരള പോലീസിന്റെ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പിങ്ക് |

പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. ഇതിനുപുറമേ പരാതികളിൽ സ്ത്രീപക്ഷത്തുനിന്നുകൊണ്ട് ഫലപ്രദമായി ഇടപെടുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും ഈ പദ്ധതി വഴി നൽകും. അതോടൊപ്പം നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു 24 മണിക്കൂറും പ്രവർത്തിക്കുന്ന Aparajitha.pol@kerala.gov.in സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ സ്ത്രീസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ഇതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് മൊബൈൽ ഫോൺ, ഇൻറർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്-ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽമീഡിയ നെറ്റ് വർക്കുകൾ എങ്ങനെ ദുരുപയോഗം ചെയ്യുന്നുവെന്നതിനെക്കുറിച്ച് ബോധവൽ ക്കരണം നടത്തിവരുന്നു. പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണത്തിന് ഇതിനകം വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംപ്രതിരോധം വർധിപ്പിക്കുന്നതിനു വേണ്ടി 'സെൽഫ് ഡിഫൻസ്" പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി ഡൊമസ്റ്റിക് കോൺഫ്ളിക്റ്റ് റെസൊല്യൂഷൻ സെന്റർ (DCRC) പ്രവർത്തിച്ചുവരുന്നു. അടിയന്തര പോലീസ് സഹായം ലഭ്യമാക്കുന്നതിന് 1515, 112, 1090, 1091 എന്നീ ടോൾഫ്രീ നമ്പറുകൾ പ്രവർത്തിച്ചുവരുന്നു. സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതു ഇടങ്ങളിൽ ജന്റർ ഓഡിറ്റിംഗ് നടത്തി സുരക്ഷിതമല്ലാത്ത ഇടങ്ങളെ കണ്ടെത്തുന്നതിനും അവിടം സ്ത്രീസൗഹൃദമാക്കുന്നതിനുമുള്ള നടപടികളും

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതാണ്. ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയോ അറിവോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണി ക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ പരാതിക്കാർ നേരിട്ടെത്തണമെന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരെ സുരക്ഷിതരാക്കുന്നതിനും നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, അവരെ സുരക്ഷിതമാ ക്കുന്നതിനും വേണ്ടി ' നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി കേരളപോലീസ് ആരംഭിച്ചിട്ടുണ്ട്. ജോലി കഴിഞ്ഞ് വൈകിയവേളയിൽ യാത്ര ചെയ്യുന്ന സ്ത്രീകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി 24 മണിക്കൂറും പ്രവർത്തനക്ഷമമായി നിർഭയം ആപ്പ്, POL-APP (Integrated APP of Kerala Police) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ